വിദ്യുച്ഛക്തി ഉപഭോക്താക്കളിൽനിന്നും ചാർജ് ഈടാക്കുന്നതിനുള്ള സ്ലാബ് സമ്പ്രദായം

1125 [1797] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉപഭോക്താക്കളിൽ നിന്നും ചാർജ് ഈടാക്കുന്നതിന് നിലവിലുള്ള സ്ലാബ് സമ്പ്രദായം പുനഃസംഘടിപ്പിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗാർഹികാവശ്യത്തിനുള്ള വിദ്യുച്ഛക്തിക്ക് ഇപ്പോൾ നിലവിലുള്ള 2 സ്ലാബുകളും (പ്രതിമാസികത്തിൽ 45 യൂണിറ്റുവരെയും 60 യൂണിറ്റുവരെയും എടുക്കുന്നവർക്കുള്ളത്) കൂടാതെ പ്രതിമാസികത്തിൽ 300 യൂണിറ്റുവരെ ആറ് പുതിയ സ്ലാബുകൾകൂടി ഏർപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

സ്ലാബുകളും അവയുടെ നിരക്കുകളും അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുന്നപ്ര-വയലാർ സമരവും മാപ്പിള ലഹളയും

1126 [1798] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരിത്ര പ്രസിദ്ധമായ പുന്നപ്ര-വയലാർ സമരവും മലബാറിലെ മാപ്പിള ലഹളയും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്ന് അംഗീകരിപ്പിക്കുവാനും സമരത്തിൽ പങ്കെടുത്തവർക്കും മരിച്ചുപോയവരുടെ അവകാശികൾക്കും പെൻഷൻ ലഭിക്കുന്നതിനും സത്വരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുന്നപ്ര-വയലാർ സമരവും മാപ്പിളലഹളയും ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. പുന്നപ്ര-വയലാർ സമരത്തെ സംബന്ധിച്ച് അവരുടെ അഭിപ്രായമിതാണ് "സമരം അക്രമാസക്തമായിരുന്നു. അത് സംസ്ഥാനത്തെ ഇൻഡ്യൻ യൂണിയനോട് കൂട്ടിച്ചേർക്കാൻ വേണ്ടിയുള്ള ലക്ഷ്യത്തോടുകൂടിയതോ അല്ലെങ്കിൽ ബ്രിട്ടീഷുകാരിൽനിന്നും രാജ്യത്തെ സ്വതന്ത്രമാക്കണമെന്നുള്ള ഉന്നതാദർശത്തിൽ അധിഷ്ഠിതമായതോ അല്ലായിരുന്നു. മാത്രമല്ല പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിൽ അടയ്ക്കപ്പെട്ടവർ 1954-55 കാലഘട്ടത്തിൽ മാത്രമേ സ്വതന്ത്രരാക്കപ്പെട്ടുള്ളു എന്നതിൽ നിന്നുതന്നെ അത് ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമല്ലായിരുന്നു എന്നു വ്യക്തമാണ്". അതുപോലെ മലബാർ ലഹളയെപ്പറ്റിയുള്ള അവരുടെ അഭിപ്രായമിതാണ്. "വിശാലമായ അർത്ഥത്തിൽ മലബാർ

*അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ലഹളയുടെ ആരംഭം അന്നുനിലവിലിരുന്ന കാർഷികമായും നിസ്സഹകരണ പ്രസ്ഥാനം എന്നിവ സൃഷ്ടിച്ച ബ്രിട്ടീഷ് വിരുദ്ധ അന്തരീക്ഷവുമായും ബന്ധപ്പെട്ടിരുന്നെങ്കിലും അവസാനം അത് ഒരു തികഞ്ഞ വർഗ്ഗീയകലാപമായി രൂപം പ്രാപിച്ചു". മേൽപ്പറഞ്ഞ കാരണങ്ങൾ ഉന്നയിച്ചാണ് പുന്നപ്ര-വയലാർ സമരത്തേയും മാപ്പിള ലഹളയേയും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗങ്ങളായി ഇതുവരെ അവർ അംഗീകരിക്കാത്തത്.

(ബി) മേൽ പറഞ്ഞ സമരങ്ങളെ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗങ്ങളായി അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി 1972 മുതലേ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. ഗവൺമെന്റ് നിലവാരത്തിൽ മാത്രമല്ല വിവിധ ബഹുജന സംഘടനകളും സംസ്ഥാനത്തിൽ നിന്നുമുള്ള എം. പി. മാരും നിയമനിർമ്മാണ സഭ തന്നെയും തുടരെ തുടരെ അഭ്യർത്ഥിച്ചിട്ടും കേന്ദ്ര ഗവൺമെന്റ് അതിന്റെ പഴയ നിലപാടിൽ തന്നെ ഉറച്ചുനിൽക്കുകയാണ്. അവസാനമായി പുന്നപ്ര-വയലാർ സമരം മലബാർ ലഹള തുടങ്ങിയവ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിച്ചു കിട്ടുവാൻവേണ്ടി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിക്ക് ഒരു കത്ത് അയച്ചിട്ടുണ്ട്. അതിന്റെ മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

പി. എസ്. സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നിവേദനം

1127 [1800] ശ്രീ. കെ. രാഘവൻ മാസ്റ്റർ

,, സേവ്യർ അറയ്ക്കൽ

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ലൈൻമാൻ, ഓവർസീയർ, എന്നീ പോസ്റ്റുകളിലേയ്ക്കുള്ള പി. എസ്. സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ഇത് സംബന്ധിച്ച് അനുകൂലമായ നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം നടത്തുന്ന ഒഴിവുകൾ മുഴുവനും പി. എസ്. സി. യുടെ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്നു മാത്രമേ ആകാവൂ എന്നതാണ് മുഖ്യമായ ആവശ്യം.

(സി) ഇലക്ട്രിസിറ്റി ബോർഡും അതിലെ ജീവനക്കാരുടെ യൂണിയനുകളുമായി 25-11-1978-ൽ ഉണ്ടാക്കിയ ദീർഘകാലകരാറിന്റെ വ്യവസ്ഥകൾ അനുസരിച്ച് പരിഷ്കരിച്ച വർക്ക് നോമുകൾ നടപ്പിലാക്കുന്നതുമൂലം ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെടും. അത് പരിഗണിച്ച് പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുന്ന [illegible]

LIBRARY ARCHIVES Kerala Legislative Assembly